"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 10.07.2019 തീയതിയിൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിൽ നടത്തിയ NSAP-PFMS ശില്പശാലയിൽ പങ്കെടുത്തതിനും ഹൈദരാബാദിലേക്കും തിരികെയും യാത്ര ചെയ്തതിനും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. ബി.കെ. ദിനേശ് കുമാറിന് കാര്യോത്തര അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2792/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/12/2019

---

പരാമർശം:- 1 16.02.19-ലെ സ.ഉ.(അ) നം. 12/2019/ധന.

2 കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 25.06.19-ലെ J-16020/02/2019-NSAP നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 09.07.19, 03.10.19, 13.11.19 തീയതികളിലെ PAN/8891/2019-DBT2(DP) നമ്പർ കത്തുകൾ

<u>**ഉത്തരവ്**</u>

ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് Public Financial Management System (PFMS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10.07.2019 തീയതിയിൽ ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിൽ നടത്തിയ NSAP-PFMS ശില്പശാലയിൽ പങ്കെടുക്കുന്നതിന് പഞ്ചായത്ത് വകുപ്പിനെ പ്രതിനിധീകരിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. ബി.കെ. ദിനേശ് കുമാറിനെ നാമനിർദ്ദേശം ചെയ്തതായും അടിയന്തിര സാഹചര്യം പരിഗണിച്ച് ടിയാൻ വിമാന മാർഗേണ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഹൈദരാബാദിലേക്കും തിരികെയും യാത്ര ചെയ്തതായും ആയതിന് സാധൂകരണം നൽകണമെന്നും പരാമർശം (3)-ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി

പരിശോധിച്ചു. 10.07.2019 തീയതിയിൽ ഹൈദരാബാദിൽ നടന്ന NSAP-PFMS ശില്പശാലയിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. ബി.കെ. ദിനേശ് കുമാർ പങ്കെടുത്തതിനും ഹൈദരാബാദിലേക്കും തിരികെയും വിമാന മാർഗേണ യാത്ര ചെയ്യുന്നതിനും കാര്യോത്തര അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ബി.കെ. ദിനേശ് കുമാർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ.

(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ